# SSLC മാതൃകചോദ്യപേപ്പർ 2022 സാമൂഹ്യശാസ്ത്രം

# DIET,പാലക്കാട്

ആകെ മാർക്ക് -80 70 സമയം-2 1/2 മണിക്കൂർ

നിർദ്ദേശങ്ങൾ :

• ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് .സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ

• A,B വിഭാഗങ്ങളിൽ A - ഫോക്കസ് ഏരിയയിൽ നിന്നും B- നോൺഫോക്കസ് ഏരിയയിൽ നിന്നുമുള്ള ചോദ്യങ്ങളെ സൂചിപ്പിക്കുന്നു .

---

**പാർട്ട് I**

**A-1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.**

**4 x 1 = 4**

1. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാറിൽ നടന്ന ശക്തമായ ചെറുത്തു നിൽപ്പിന് നേതൃത്വം നൽകിയതാര് ?

   (വേലുതമ്പി ദളവ ,പഴശ്ശി രാജ,പാലിയത്തച്ചൻ,മാർത്താണ്ഡ വർമ്മ )

2. സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടേയും ചങ്ങലകളിലാണ്. ഇത് ആരുടെ വാക്കുകളാണ്.

   (വോൾട്ടയർ,മോണ്ടസ്ക്യൂ,റൂസ്സോ,ലൂയി XIV)

3. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമര കാലത്ത് ഇന്ത്യയുടെ ചക്രവർത്തിയായി സമരക്കാർ പ്രഖ്യാപിച്ചത് ആരെയായിരുന്നു.

   (ബഹദൂർഷാ രണ്ടാമൻ,താന്തിയാതോപ്പി,റാണി ലക്ഷ്മി ബായ് ,ബീഗം ഹസ്രത് മഹൽ)

4. ചുവടെ നൽകിയിട്ടുള്ളവയിൽ ഉത്തര പർവ്വത മേഖലയുടെ ഭാഗമല്ലാത്തതേത്?

   (ട്രാൻസ് ഹിമാലയം,ഹിമാലയം,ആരവല്ലി,കിഴക്കൻ മലനിരകൾ )

5. സമുദ്രനിരപ്പിൽ നിന്നും ഉയരം കൂടുംതോറും അന്തരീക്ഷമർദ്ദത്തിന് എന്ത് മാറ്റം സംഭവിക്കും.

   ( കൂടുന്നു,കുറയുന്നു,ഒരു മാറ്റവുമില്ല,ഇവയൊന്നുമല്ല)

6. ചുവടെ കൊടുത്തിട്ടുള്ളവയിൽ ഏത് രേഖാംശരേഖയെ അടിസ്ഥാനമാക്കിയാണ് ഇന്ത്യൻ സ്റ്റാൻേർഡ് സമയം നിർണയിച്ചിരിക്കുന്നത് ?

   ($0^0$,$180^0$, 82 1/2 $^0$ കിഴക്ക് ,82 1/2$^0$ പടിഞ്ഞാറ്)

**B-7 മുതൽ 10 എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.( 4 x 1= 4)**

7. " ചേരിചേരായ്മ ലോക കാര്യങ്ങളിൽ നിന്ന് മാറിനിൽക്കലല്ല, ലോകം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളിലുംസജീവമായി ഇടപെടാനാണ് " . ഇത് ആരുടെ നിരീക്ഷണമാണ്.

   (ഗമാൽ അബ്ദുൾ നാസർ,ജവഹർലാൽ നെഹ്റു,മാർഷൻ ടീ റ്റോ, സുക്കാർണോ)

DIET PALAKKAD

8. ഇന്ത്യയുടെ ഭാവി നിർണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ്സ് മുറികളിലാണ്. ആരുടെ വാക്കുകളണിത്.

(Dr രാധാകൃഷ്ണൻ,Dr ലക്ഷ്മണസ്വാമി മുതലിയാർ,APJ അബ്ദുൾ കലാം,Dr DS കോത്താരി)

9. GPS (ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം) ന് അക്ഷാംശം, രേഖാംശം, ഉയരം, സമയം എന്നീ വിവരങ്ങൾ കൃത്യമായി പ്രദർശിപ്പിക്കണമെങ്കിൽ ചുരുങ്ങിയത് എത്ര ഉപഗ്രഹ ങ്ങളുടെ സഹായം വേണം.

(4, 6, 8, 3)

10. ഇന്ത്യയിൽ വീശുന്ന പ്രാദേശിക വാതങ്ങളിൽ ഉൾപ്പെടാത്തതേത്?

(ലൂ,ചിനൂക്ക്,മാംഗോ ഷവർ,കൽ ബൈശാഖി.)

## Part II

**A-11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**(3 X 2 =6)**

11. യൂറോപ്പിൽ രൂപം കൊണ്ട സാമ്രാജ്യത്വ പ്രതിസന്ധികൾ ഒന്നാം ലോകയുദ്ധത്തിന് കാരണമായതെങ്ങനെ? വിശദമാക്കുക.
12. ബ്രിട്ടീഷ് ചൂഷണത്തിനെതിരായ ഗോത്ര ജനതയുടെ ചെറുത്തു നിൽപ്പായിരുന്നു കുറിച്ച്യ കലാപം. കുറിച്യരെ കലാപത്തിലേക്ക് നയിച്ച സാഹചര്യം വിശദമാക്കുക.
13. അന്താരാഷ്ട്ര ദിനാങ്കരേഖ പൂർണ്ണമായും കരഭാഗങ്ങളെ ഒഴിവാക്കി ചിത്രീകരിച്ചിരിക്കുന്ന രേഖയാണ്. എന്തുകൊണ്ട്?
14. സമൂഹത്തിൽ പൗരബോധം വളർത്താൻ ശ്രമിക്കുന്നവർക്ക് ധാരാളം വെല്ലുവിളികളെ നേരിടേണ്ടിവരാറുണ്ട്.ഇവ മറികടക്കാനുള്ള രണ്ട് നിർദ്ദേശങ്ങൾ എഴുതുക.
15. ഇന്ത്യയിൽ ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്ന രണ്ട് ഏജൻസികളുടെ പേരെഴുതുക.

**B- 16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2 X 2 =4)**

16. എന്താണ് ജനസംഖ്യാ കണക്കെടുപ്പ്?
17. പൊതു വരുമാനം രണ്ട് സ്രോതസ്സുകളിൽ നിന്നാണ് സർക്കാരിന് ലഭ്യമാകുന്നത്. അവ ഏതെല്ലാമാണ്?
18. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ശ്രേണീ പരമായ സംഘാടനം, സ്ഥിരത എന്നിവ കൊണ്ട് അർത്ഥമാക്കുന്നതെന്തെല്ലാം?

DIET PALAKKAD

## Part -III

**A-19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**(3 x 4 = 12)**

19. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

20. രാഷ്ട്ര രൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ ഏതെല്ലാം ?

21."പൗരബോധം വളർത്തുന്നതിൽ കുടുംബവും വിദ്യാഭ്യാസവും സുപ്രധാന പങ്ക് വഹിക്കുന്നു ". സമർത്ഥിക്കുക.

22.1954 ൽ ചൈനയുമായി ഇന്ത്യ ഒപ്പിട്ട കരാറാണ് പഞ്ചശീലതത്ത്വങ്ങൾ. ഇതിലെ വ്യവസ്ഥകൾ ഏതെല്ലാം ?

23. ഇന്ത്യയുടെ ഭൂപടത്തിൽ ചുവടെ നൽകിയിട്ടുള്ളവ അടയാളപ്പെടുത്തുക.

a തൂത്തുക്കുടി ,b ആരവല്ലി,c മാൾവാ പീഠഭൂമി,d മഹാനദി.

**B-24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക ?**

**(4 സ്കോർ വീതം)(1x4=4)**

24. കേരളത്തിലെ ചില സാമൂഹ്യ പരിഷ്കർത്താക്കളും അവർ നേതൃത്വം നൽകിയ പ്രസ്ഥാനങ്ങളുമാണ് ചുവടെ നൽകിയിരിക്കുന്നത്. ഇവ ചേരുംപടി ചേർക്കുക.

| സാമൂഹ്യ പരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ |
|---|---|
| വൈകുണ്ഠസ്വാമികൾ | പ്രത്യക്ഷ രക്ഷാദൈവസഭ |
| അയ്യങ്കാളി | സമത്വ സമാജം. |
| വാഗ്ഭടാനന്ദൻ | സാധുജനപരിപാലന സംഘം |
| കുമാര ഗുരുദേവൻ | ആത്മവിദ്യാസംഘം. |

25. ധരാതലീയ ഭൂപടങ്ങൾ എന്നാലെന്ത്?ഇവയുടെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ എഴുതുക.

## Part- IV

A-26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.

(3 x 6 = 18)

26 ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം വിശദീകരിക്കുക ?

27. ആഗോള മർദ്ദമേഖലകളെക്കുറിച്ച് വിവരിക്കുക.

28. ഭാരതീയ റിസർവ്വ് ബാങ്കിന്റെ പ്രധാന ധർമ്മങ്ങൾ വിശദമാക്കുക.

29. മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ എഴുതുക.

DIET PALAKKAD

**B-30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**( 6x2= 12)**

30. തെക്ക് പടിഞ്ഞാറൻ ദിശയിൽ വീശുന്ന മൺസൂൺ കാറ്റിനെ ഇന്ത്യൻ ഉപദ്വീപ് ഏതെല്ലാം ശാഖകളാക്കി വേർതിരിക്കുന്നു.അവ ഇന്ത്യൻ കാലാവസ്ഥയിൽ ചെലുത്തുന്ന സ്വാധീനം എന്തെല്ലാമാണ്?
31. സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഹിമാലയൻ നദികളെയും ഉപദ്വീപീയ നദികളെയും താരതമ്യം ചെയ്യുക.
32. 1857 ലെ കലാപത്തിന്റെ വിവിധകാരണങ്ങൾ വിശകലനം ചെയ്യുക?

Part - V

**A-33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(8 x 2 = 16)**

33. ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തര പർവ്വത മേഖല വഹിക്കുന്ന പങ്ക് എത്രത്തോളമാണ്. വിശദീകരിക്കുക.
34. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ വിലയിരുത്തുക.
35. ഫാഷിസത്തിന്റെ ജർമ്മൻ പതിപ്പായിരുന്നു നാസിസം. സമർത്ഥിക്കുക.

DIET PALAKKAD

